

# 4. The Sacrament of Reconciliation
## കുമ്പസാരം (അനുരഞ്ജന കൂദാശ)

1. Which passage form the Gospel according to St John describes the attitude of Jesus towards the repentant sinner? / അനുതപിക്കുന്ന പാപിയോടുള്ള ഈശോമിശിഹായുടെ മനോഭാവം വ്യക്തമാക്കുന്ന വി. യോഹന്നാന്റെ സുവിശേഷത്തിൽനിന്നുള്ള ഒരു തിരുവചനഭാഗമേത്?

   **Answer:** "I do not condemn you either. Go, but do not sin again", John 8: 11. / ഞാനും നിന്നെ വിധിക്കുന്നില്ല. പൊയ്ക്കൊള്ളുക. മേലിൽ പാപം ചെയ്യരുത്. (യോഹന്നാൻ 8:11).

2. To whom did Jesus entrust the power of the forgiveness? /പാപമോചനാധികാരം ആരെയാണ് ഈശോ മിശിഹാ ഭരമേൽപ്പിച്ചത്?

   **Answer:** Apostles (John 20: 23) / അപ്പസ്തോലന്മാരെ (യോഹ 20: 23)

3. In which Gospel passage do we find the Words of the Resurrected Christ through which the authority for forgiving the sins is given to the apostles? / ഉത്ഥിതനായ ഈശോമിശിഹാ അപ്പസ്തോലന്മാർക്ക് പാപമോചനധികാരം നൽകുന്ന വചനഭാഗമേത്?

   **Answer:** "On the evening of that day, the first day of the week," Jesus showed himself to his apostles "He breathed on them, and said to them: 'Receive the Holy Spirit. If you forgive the sins of any, they are forgiven; if you retain the sins of any, they are retained." (Jn 20:19, 22-23) / ഉത്ഥാനദിവസം വൈകുന്നേരം കർത്താവായ യേശു അപ്പസ്തോലന്മാർക്കു പ്രത്യക്ഷപ്പെട്ട് അവരോടു പറഞ്ഞു. 'നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആരുടെ പാപങ്ങൾ ക്ഷമിക്കുന്നുവോ അവ അവരോടു ക്ഷമിക്കപ്പെട്ടിരിക്കും. നിങ്ങൾ ആരുടെ പാപങ്ങൾ ബന്ധിക്കുന്നുവോ അവ ബന്ധിക്കപ്പെട്ടിരിക്കും (യോഹന്നാൻ 20:19, 22-23)

4. Who, in the name of Christ can forgive the sins, receiving the power of forgiveness from the authority of the Church? / സഭയുടെ അധികാരത്തിൽ നിന്നു പാപമോചനാധികാരം ലഭിച്ചിട്ടുള്ള ആർക്കാണ് ക്രിസ്തുവിന്റെ നാമത്തിൽ പാപങ്ങൾ മോചിക്കാൻ കഴിയുന്നത്?

   **Answer:** Since Christ entrusted the ministry of reconciliation to his Apostles (Jn 20:23) bishops who are their successors, and the priests, the bishop's collaborators, continue to exercise the Sacrament of Reconciliation (CCC 1461) / അനുരഞ്ജനത്തിന്റെ ശുശ്രൂഷ ക്രിസ്തു അപ്പസ്തോലന്മാരെ ഭരമേൽപിച്ചതുകൊണ്ട് (Jn 20:23/യോഹ 20:23), അവരുടെ അനന്തരഗാമികളായ മെത്രാന്മാരും, മെത്രാന്മാരുടെ സഹപ്രവർത്തകരായ വൈദികരും ഈ ശുശ്രൂഷ തുടർന്നു നിർവഹിക്കുന്നു. (CCC1461)

5. What are the imageries from the Gospel that CCC 1465-66 mentions to speak about the role and attitude of the priest who administers the Sacrament of Reconciliation? / അനുരഞ്ജന കൂദാശ നിർവ്വഹിക്കുന്ന പുരോഹിതന്റെ പങ്കിനെയും മനോഭാവത്തെയും കുറിച്ച് സൂചിപ്പിക്കാൻ CCC 1465-1466 ൽ പരാമർശിക്കുന്ന സുവിശേഷത്തിൽ നിന്നുള്ള ഉദാഹരണങ്ങൾ ഏതൊക്കെയാണ്?

   **Answer:** Good Shepherd who seeks the lost sheep, Good Samaritan who binds up the wounds, the father who awaits the prodigal son and welcomes on his return and the just and impartial judge whose judgment was both just and merciful. The priest is the sign and the instrument of God's merciful love for the sinner. He is not the master of God's forgivingness but his servant . / കാണാതെപോയ ആടുകളെ അന്വേഷിക്കുന്ന നല്ല ഇടയൻ, മുറിവുകൾ വച്ചുകെട്ടുന്ന നല്ല സമരിയാക്കാരൻ, ധൂർത്തനായ പുത്രനെ കാത്തിരിക്കുന്ന പിതാവ്, നീതിയോടും കരുണയോടും കൂടി വിധിനടത്തുന്ന നീതിമാനും

നിഷ്പക്ഷനുമായ ന്യായാധിപൻ , പാപിയോടുള്ള ദൈവത്തിന്റെ കരുണാപൂർവ്വമായ സ്നേഹത്തിന്റെ അടയാളവും, ഉപകരണവുമാണ് പുരോഹിതൻ. അവൻ ദൈവം നൽകുന്ന പാപമോചനത്തിന്റെ ഉടമസ്ഥനല്ല, മറിച്ച് അതിന്റെ ശുശ്രൂഷകനാണ്.

6. Who can receive the absolution through the sacrament of confession? /കുമ്പസാരമെന്ന കൂദാശയിലൂടെ പാപമോചനം ലഭിക്കുന്നതാർക്ക്?

   **Answer:** For those who repent and confess their sins / അനുതപിച്ച് പാപങ്ങൾ ഏറ്റുപറയുന്നവർക്ക്

7. What are the three acts of the person who goes to the sacrament of confession?/ കുമ്പസാരമെന്ന കൂദാശക്കണയുന്ന വ്യക്തിയുടെ മൂന്ന് പ്രവൃത്തികളേതെല്ലാം?

   **Answer:** Repentance, confession, reparation/ അനുതാപം, ഏറ്റുപറച്ചിൽ, പ്രായശ്ചിത്തം (CCC1491)

8. What is primary for a penitent towards the Sacrament of Reconciliation? / കുമ്പസാരമെന്ന കൂദാശയിൽ അനുതാപികളുടെ പ്രവൃത്തികളിൽ ഏറ്റവും പ്രാധാന്യമുള്ളതെന്തിനാണ്

   **Answer:** Perfect Contrition / പൂർണ മനസ്താപം (CCC1451)

9. What are the effects of the sacrament of Confession? / കുമ്പസാരമെന്ന കൂദാശയുടെ ഫലങ്ങളേതെല്ലാം?

   **Answer:** Remission of sins, Reconciliation with God, and Reconciliation with the Church / പാപങ്ങളുടെ മോചനം, ദൈവവുമായുള്ള അനുരഞ്ജനം, സഭയുമായുള്ള അനുരഞ്ജനം

10. What should be done if the situation arises where it is not possible to perform the penance prescribed by the priest? / വൈദികൻ നിശ്ചയിക്കുന്ന പ്രായശ്ചിത്തം നിർവ്വഹിക്കാൻ സാധിക്കാത്ത സാഹചര്യം സംജാതമായാൽ എന്തുചെയ്യും?

    **Answer:** The penitent has the right to receive another penance by saying that at the next confession. /അടുത്ത കുമ്പസാരത്തിൽ അക്കാര്യം പറഞ്ഞ് മറ്റൊരു പ്രായശ്ചിത്തം സ്വീകരിക്കാൻ അനുതാപിക്ക് അവകാശമുണ്ട്.

11. In which Council, held in 1215, the annual confession was made essential? /1215 നടന്ന ഏത് സൂനഹദോസിൽ ആണ് ആണ്ടുകുമ്പസാരം നിർബന്ധിതമാക്കിയത്?

    **Answer:** Fourth Lateran Council /നാലാം ലാറ്ററൻ കൗൺസിൽ

12. Which Council included annual confession among the five commandments of the Holy Church? / തിരുസഭയുടെ അഞ്ചു കല്പനകളിൽ വാർഷിക കുമ്പസാരം ഉൾപ്പെടുത്തിയ സൂനഹദോസ് ഏതാണ്?

    **Answer:** Fourth Lateran Synod / നാലാം ലാറ്ററൻ സൂനഹദോസ്

13. What is an essential part of the sacrament of Confession? / കുമ്പസാരമെന്ന കൂദാശയുടെ സത്താപരമായ ഒരു ഘടകമേതാണ്?

    **Answer:** To confess the sins to the priest / വൈദികനോട് പാപങ്ങൾ ഏറ്റുപറയുക എന്നത് (CCC 1456)

14. What are the synonyms for the sacrament of Reconciliation?/ കുമ്പസാരമെന്ന കൂദാശയെ വിളിക്കുന്ന മറ്റു പേരുകളേതെല്ലാം?

    **Answer:** Sacrament of Conversion, Sacrament of Penance, Sacrament of Confession, Sacrament of Forgiveness and Sacrament of Reconciliation / മാനസാന്തരത്തിന്റെ കൂദാശ, അനുതാപ കൂദാശ, ഏറ്റുപറച്ചിലിന്റെ കൂദാശ, ക്ഷമിക്കലിന്റെ കൂദാശ, അനുരഞ്ജനത്തിന്റെ കൂദാശ (CCC 1423-24)

15. What is the purpose and effect of the sacrament of confession? / കുമ്പസാരമെന്ന കൂദാശയുടെ ലക്ഷ്യവും ഫലവുമെന്താണ്?

**Answer:** Reconciliation with God / ദൈവത്തോടുള്ള അനുരഞ്ജനം (CCC 1468)

16. What is repentance? / മനസ്താപം എന്നാലെന്ത്?

    **Answer:** Repentance is the sorrow of the soul, aversion of the committed sin, and a vow not to sin again. / ആത്മാവിന്റെ ദുഃഖവും, ചെയ്ത പാപത്തോടുള്ള വെറുപ്പും വീണ്ടും പാപം ചെയ്യുകയില്ലെന്നുള്ള പ്രതിജ്ഞയുമാണ് മനസ്താപം (CCC1451)

17. What is a perfect repentance? /എന്താണ് പൂർണ മനസ്താപം?

    **Answer:** Repentance, if it arises from the love of loving God for all things, it is called perfect repentance ./മനസ്താപം, എല്ലാ വസ്തുക്കളെയുകാൾ ദൈവത്തെ സ്നേഹിക്കുന്ന സ്നേഹത്തിൽ നിന്ന് ഉദ്ഭൂതമായതാണങ്കിൽ അതു പൂർണ്ണമനസ്താപം എന്ന് വിളിക്കപ്പെടുന്നു. (CCC 1452)

18. What is an imperfect cotnrition? എന്താണ് അപൂർണ മനസ്താപം?

    **Answer:** If we grieve over sin out of fear of God's punishment for sin, rather than out of love for God, it is called an imperfect contrition. / ദൈവത്തോടുള്ള സ്നേഹത്തേക്കാൾ ദൈവം പാപത്തിനു നൽകുന്ന ശിക്ഷകളെ ഭയന്ന് പാപത്തെകുറിച്ച് ദുഃഖിക്കുന്നുണ്ടെങ്കിൽ അത് അപൂർണ മനസ്താപം എന്നറിയപ്പെടുന്നു. (CCC 1453)

19. What is the preparation done in the light of the Word of God before receiving the sacrament of Reconciliation called? / കുമ്പസാരമെന്ന കൂദാശ സ്വീകരിക്കുന്നതിന് മുമ്പായി ദൈവവചനത്തിന്റെ വെളിച്ചത്തിൽ നടത്തുന്ന ഒരുക്കത്തെ വിളിക്കുന്ന പേരെന്ത്?

    **Answer:** Introspection / ആത്മപരിശോധന

20. What harms the relationship of brotherhood? / സാഹോദര്യത്തിന്റെ സംസർഗത്തിന് കോട്ടം വരുത്തുന്നതെന്ത്?

    **Answer:** Our Sins / നമ്മുടെ പാപങ്ങൾ

21. Which life condition is likely to weaken or lose the new life that we received as the children of God? / ദൈവമക്കൾ എന്ന നിലയിലുള്ള വിശ്വാസികളുടെ നവജീവൻ ദുർബലപ്പെടുത്താനും, നഷ്ടപ്പെടുത്താനും സാധ്യതയുള്ള അവസ്ഥയേത്?

    **Answer:** To our sinful state / നമ്മുടെ പാപാവസ്ഥ

22. In which parable does Jesus describe the process of reconciliation and repentance? /മാനസാന്തരത്തിന്റെയും അനുതാപത്തിന്റെയും പ്രക്രിയയെ യേശു വിവരിക്കുന്ന ഉപമയേത്?

    **Answer:** Parable of the prodigal son / ധൂർത്തപുത്രന്റെ ഉപമ

23. How a break in the relationship with God is counted?/ദൈവത്തോടുള്ള ബന്ധത്തിന്റെ ഭഞ്ജനത്തെ എന്തായി കണക്കാക്കുന്നു?

    **Answer:** Sin /പാപം

24. How many steps are there to make a good confession? / നല്ല കുമ്പസാരം നടത്തുന്നതിനാവശ്യമായ കാര്യങ്ങളെത്ര?

    **Answer:** Five / അഞ്ച്

25. What should not any believer, who has committed a mortal sin, receive, even if s/he feels deep remorse, without a sacramental absolution? / മാരകപാപം ചെയ്തിട്ടുള്ള ഏതൊരു വിശ്വാസിയും കൗദാശികമായ പാപപ്പൊറുതിനേടാതെ, അഗാധമായ മനസ്താപം തോന്നിയാൽപോലും സ്വീകരിക്കാൻ പാടില്ലാത്തതെന്ത്?

    **Answer:** Holy Communion/ വിശുദ്ധ കുർബാന

26. What should each sinner do as a remedy for his/her sin? / തന്റെ പാപത്തിന് പ്രതിവിധിയായി ഓരോ പാപിയുമെന്തുചെയ്യണം?

**Answer:** Penance/ പ്രായശ്ചിത്തം

27. What is an indulgence?/ ദണ്ഡവിമോചനം എന്നാലെന്ത്?

**Answer:** Indulgence is a remission before God from the temporal punishment of culpable sins. / അപരാധ വിമുക്തമായ പാപങ്ങളുടെ കാലിക ശിക്ഷയിൽ നിന്ന് ദൈവതിരുമുമ്പാകെയുള്ള ഇളവുചെയ്യലാണ് ദണ്ഡവിമോചനം (CCC1471)

28. Whose symbol and whose representative is the priest in the sacrament of penance? / അനുരഞ്ജനകൂദാശയിൽ പുരോഹിതൻ ആരുടെ പ്രതീകവും ആരുടെ പ്രതിനിധിയുമാണ്?

**Answer:** Symbol of the Messiah and representative of the Church / മിശിഹായുടെ പ്രതീകവും, തിരുസഭയുടെ പ്രതിനിധിയുമാണ്.

29. Why is it said that in the Sacrament of Reconciliation, the priest is the symbol of the Messiah and the representative of the Church? /എന്തുകൊണ്ടാണ് അനുരഞ്ജനകൂദാശയിൽ പുരോഹിതൻ മിശിഹായുടെ പ്രതീകവും സഭയുടെ പ്രതിനിധിയുമാണെന്ന് പറയുന്നത്?

**Answer:** It is because, as a symbol of the Messiah, the priest conveys the message of forgiveness to the penitent, and as a representative of the church, the penitent is received into the church. / മിശിഹായുടെ പ്രതീകമെന്ന നിലയിൽ അനുതാപിയെ പാപമോചനത്തിന്റെ സന്ദേശം അറിയിക്കുന്നതും സഭാപ്രതിനിധി എന്ന നിലയിൽ അനുതാപിയെ സഭയിലേയ്ക്കു സ്വീകരിക്കുന്നതും പുരോഹിതനാകയാൽ

30. What is the moment of forgiveness of sins in the sacrament of Reconciliation? /അനുരഞ്ജനത്തിന്റെ കൂദാശയിൽ പാപമോചനത്തിന്റെ നിമിഷമേതാണ്?

**Answer:** When the priest absolves the sins with the sign of the cross, extending his hands over the repentant/പുരോഹിതൻ പശ്ചാത്തപിക്കുന്നയാളുടെനേർക്ക് കരങ്ങൾനീട്ടി പാപമോചനത്തിന്റെ പ്രാർഥനചൊല്ലി കുരിശടയാളത്തിൽ ആശീർവദിക്കുമ്പോൾ

31. Which is the sacrament in which a sinful man dies to sin and is 'resurrected' through redemption? / പാപം ചെയ്തുപോയ മനുഷ്യർ പാപത്തിനു മരിച്ച് പാപമോചനത്തിലൂടെ ‘ഉത്ഥാനം’ ചെയ്യുന്ന കൂദാശയേതാണ്?

**Answer:** Sacrament of Reconciliation / അനുരഞ്ജന കൂദാശ

32. Which is the sacrament that reconciles us to God and the Church? / ദൈവത്തോടും സഭയോടുമുള്ള നമ്മുടെ അനുരഞ്ജനമുളവാക്കുന്ന കൂദാശയേത്?

**Answer:** Sacrament of Reconciliation / കുമ്പസാരമെന്ന കൂദാശ

33. Which is the fifth among the five steps to a good confession?/നല്ല കുമ്പസാരത്തിനുള്ള അഞ്ചു കാര്യങ്ങളിൽ അഞ്ചാമത്തേത് ഏത് ?

**Answer:** Fulfill the penance given by the confessor /വൈദികൻ നൽകുന്ന പ്രയശ്ചിത്തം നിറവേറ്റുക

34. What are the things to keep in mind while confessing the sins in the sacrament of Reconciliation? / കുമ്പസാരമെന്ന കൂദാശയിൽ പാപങ്ങൾ ഏറ്റുപറയുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെന്തെല്ലാം?

**Answer:** Confession must be made directly and verbally to the priest, the confession must be honest,and the sin and the circumstances of the sin must be disclosed. / വൈദികനോട് നേരിട്ടും വാചികമായും വേണം ഏറ്റുപറയാൻ, ഏറ്റുപറച്ചിൽ സത്യസന്ധമായിരിക്കണം, പാപവും പാപസാഹചര്യങ്ങളും അറിയിക്കണം (CCC 1456)

35. What is most helpful to the perfection of the Sacrament of Reconciliation? / കുമ്പസാരമെന്ന കൂദാശയുടെ പൂർണ്ണതയ്ക്ക് ഏറ്റവും സഹായകമായ കാര്യമെന്താണ്?

**Answer:** Introspection /ആത്മപരിശോധന

36. What are the three principles on which confessional secrecy is protected? / കുമ്പസാരരഹസ്യം സംരക്ഷിക്കപ്പെടുന്നതിന് ആധാരമായ മൂന്നു തത്ത്വങ്ങൾ ഏതെല്ലാം?

**Answer:** Confessions are secret by the very nature. If it is revealed, it will cause harm to the sinner. 2. The secret of confession is a professional secret: the penitent confiding in the great work and position of the priest that he confides his secrets to him; the priest has a duty not to tarnish this trust. 3. Secrecy of confession is based on the law for priests to keep the secrets./ കുമ്പസാര രഹസ്യം സ്വഭാവത്താലേ രഹസ്യസ്വഭാവമുള്ളതാണ്. അതു വെളിപ്പെടുത്തിയാൽ പാപിയ്ക്ക് ഉപദ്രവത്തിന് കാരണമാകും. 2. കുമ്പസാര രഹസ്യം ഒരു പ്രൊഫഷണൽ രഹസ്യമാണ്. വൈദികന്റെ മഹത്തായ ജോലിയും സ്ഥാനവും വിശ്വസിച്ചാണ് അനുതാപി തന്റെ നിഗൂഢമായ കാര്യങ്ങൾ അദ്ദേഹത്തോട് പറയുന്നത്. ഈ വിശ്വാസം കളങ്കപ്പെടുത്താതിരിക്കാനുള്ള കടമ വൈദികനുണ്ട്. 3. കുമ്പസാര രഹസ്യം സൂക്ഷിക്കപ്പെടുക എന്നത് വൈദികനിയമത്തിൽ അധിഷ്ഠിതമായിരിക്കുന്നു.

